## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3965** **27-10-2021 - ൽ മറുപടിയ്ക്ക്**

## മിത്ര 181 ഹെൽപ് ലൈൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന 'മിത്ര 181 ഹെൽപ് ലൈൻ' എന്ന പദ്ധതിയിൽ ഏതൊക്കെ സേവനങ്ങളാണ് ലഭ്യമാക്കുന്നത് ; | (എ) | മിത്ര 181 വനിതാ ഹെൽപ്പ് ലൈൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ത്രീകൾക്കായുള്ള ഹെൽപ്പ് ലൈൻ നമ്പരാണ്. 181 എന്ന ടോൾ ഫ്രീ നമ്പരിലേയ്ക്ക് വിളിക്കുന്നതിലൂടെ ഗാർഹിക പീഡനം, മാനസിക ശാരീരിക വൈകാരിക പ്രശ്നങ്ങൾ, തർക്കങ്ങൾ, സുരക്ഷാഭീതി, വിവരാന്വേഷണം തുടങ്ങി പിന്തുണ ആവശ്യമുള്ള ഏതു തരം സേവനങ്ങൾക്കും വേണ്ട സഹായം ഉറപ്പുവരുത്തുന്നു. സ്ത്രീകളുടെ ഏതു തരം പരാതികളും സ്വീകരിക്കുന്നതിനോടൊപ്പം, പ്രശ്നത്തിന്റെ സ്വഭാവമനുസരിച്ച് Police, KELSA, Protection Officers, Shelter Homes, Counselling centres, OSC, Snehitha, Hospitals എന്നീ വിവിധങ്ങളായ സർക്കാർ, സർക്കാരേതര സംവിധാനങ്ങളുടെ സഹകരണത്തോടെ പ്രശ്ന പരിഹാരം സാധ്യമാക്കുന്നു. |
| (ബി) | 2021 സെപ്റ്റംബർ 30 വരെ ഇതിലേക്ക് എത്ര കോളുകൾ വന്നിട്ടുണ്ടെന്നും അവയിൽ എത്ര കോളുകൾക്ക് പരിഹാരം കാണാൻ കഴിഞ്ഞെന്നും അറിയിക്കുമോ; | (ബി) | 2021 സെപ്റ്റംബർ 30 വരെ മൂന്ന് ലക്ഷത്തിലധികം കോളുകൾ ഹെൽപ്പ് ലൈനിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. അവയിൽ 147020 കോളുകൾക്ക് സർവ്വീസ് നൽകി. 63975 കേസുകൾ പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിച്ചു. |
| (സി) | സ്ത്രീധന പീഡനവുമായി ബന്ധപ്പെട്ട് എത്ര കോളുകൾ വന്നിട്ടുണ്ടെന്ന് അറിയിക്കുമോ? | (സി) | ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് 20508 കോളുകൾ ആണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ഇവയിൽ 'സ്ത്രീധന പീഡന' പരാതികളും ഉൾപ്പെടുന്നു. ഇത്തരം കേസുകൾ പ്രത്യേക കാറ്റഗറിയിൽ റെക്കോർഡ് ചെയ്യാനുള്ള സംവിധാനം 181 വനിതാ ഹെൽപ്പ് ലൈൻ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ